പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 665 04/02/2020-ൽ

മറുപടിയ്ക്ക്

കേരള ബാങ്ക് രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് പുതുതായി ആരംഭിച്ച കേരള ബാങ്കിന് റിസർവ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തരം അനുമതിയെന്നും ഏതെല്ലാം പ്രവർത്തനങ്ങൾക്കുള്ള അനുമതിയാണ് ലഭിച്ചതെന്നും വ്യക്തമാക്കാമോ ; | (എ) | 13 ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള അന്തിമ അനുമതിയാണ് ലഭിച്ചിട്ടുള്ളത്. |
| (ബി) | കേരള ബാങ്കിൽ സംസ്ഥാനത്തെ എല്ലാ പ്രാഥമിക ബാങ്കും അഫിലിയേഷൻ നേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അഫിലി-യേഷൻ നേടിയിട്ടുള്ള പ്രാഥമിക ബാങ്കുകളുടെ വിവരങ്ങൾ നൽകാമോ; | (ബി) | മലപ്പുറം ഒഴികെയുള്ള 13 ജില്ലകളിലെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും, ലൈസൻസ്ഡ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കിൽ 'എ' ക്ലാസ് അംഗങ്ങളാണ്. |
| (സി) | മലപ്പുറം ജില്ലയിലെ എത്ര പ്രാഥമിക സഹകരണ സംഘങ്ങൾ കേരള ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (സി) | നിലവിൽ മലപ്പുറം ജില്ലയിലെ ഒരു പ്രാഥമിക സഹകരണ സംഘവും ഇപ്പോൾ KSCB യിൽ അംഗമല്ല. |
| (ഡി) | കേരള ബാങ്ക് ഡയറക്ടർമാരായി നിയമിതരായവരുടെ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം ഉടങ്ങിയ വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി ) | കെ.സി.എസ് (Amendment) Act 2019 Chapter 10 (C)74 H(6) പ്രകാരം രൂപീകരിച്ച ഇടക്കാല ഭരണസമിതിയാണ് ബാങ്കിൽ നിലവിലുള്ളത്. ടി ഭരണസമിതിയിൽ സഹകരണ വകുപ്പ് സെക്രട്ടറി ചെയർ പേഴ്സണും, മാനേജിംഗ് ഡയറക്ടർ/സി.ഇ.ഒ., സെക്രട്ടറി (ധന വകുപ്പ്) എന്നിവർ അംഗങ്ങളുമാണ്. മേൽ പരാമർശിച്ച വരെല്ലാം ഐ.എ.എസ് ഉദ്യോഗസ്ഥരാണ്. |

സെക്ഷൻ ഓഫീസർ.